DESPATCHED
On..26/11/21..

22/11/21

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **CP 431(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.10461/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 നവംബർ 22**

ശ്രീമതി. മോളി വി.എസ്.,
അനിതാ ഭവൻ,
കളിയിൽ വീട്,
തുറുവയ്ക്കൽ പി.ഒ.,
തിരുവനന്തപുരം - 695 011.
} പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ്മിസ്ട്രസ്സ്,
എസ്.എൻ.വി. ഹയർ സെക്കണ്ടറി സ്കൂൾ,
നെടുങ്ങണ്ട, തിരുവനന്തപുരം- 695 307.
} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 31.8.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.9.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 4.9.2021 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 7.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 28.9.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 16.11.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരി<br>എസ്.പി.ഐ.ഒ മാർ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി. മോളി വി.എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, കോടതിയിൽ സമർപ്പിക്കുന്നതിനായി വിവരാവകാശ നിയമ പ്രകാരം ടിയാൾ ആവശ്യപ്പെട്ട രേഖ എതിർകക്ഷി നൽകിയില്ലെന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ കമ്മീഷൻ ഇടപെട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് തിരുവനന്തപുരം നെടുങ്കണ്ടം കായിക്കര പി.ഒ., കൊച്ചുവിള ഹൗസിൽ താമസം ശ്രീമതി. ചന്ദ്രിക മകൻ ശ്രീ. ശിവഗുരു 2004 കാലയളവിൽ എസ്.എസ്.എൽ.സി. പഠിച്ചിരുന്നതിന്റെ സർട്ടിഫിക്കറ്റ് വിവരാവകാശ നിയമ പ്രകാരം നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടിയായി 22.9.2021 തീയതി ശ്രീ. ശിവഗുരുവിന്റെ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് നൽകിയതായി കാണുന്നു.

4. എതിർകക്ഷി 28.9.2021 ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി 31.8.2021 ൽ വിവരാവകാശ നിയമം 2005 പ്രകാരം ശ്രീ. ശിവഗുരുവിന്റെ സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകുകയുണ്ടായി എന്നും അന്നുതന്നെ അവർക്ക് ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടപ്പോൾ നിയമം അനുശാസിക്കുന്ന രീതിയിൽ പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കാമെന്ന് പറയുകയും ചെയ്തുവെന്നും എന്നാൽ 1.9.2021 മുതൽ എതിർകക്ഷിയുടെ ഭർത്താവ് കോവിഡ് പോസിറ്റീവ് ആയതിനാൽ എതിർകക്ഷിക്ക് Quarantine-ൽ പോകേണ്ടി വന്നു എന്നും വീണ്ടും സ്കൂളിൽ പോയി തുടങ്ങിയത് 15.9.2021 ലാണെന്നും തുടർന്ന് സർട്ടിഫിക്കറ്റിന്റെ പകർപ്പ് നൽകുന്നതിൽ വിവരാവകാശ നിയമം അനുശാസിക്കുന്ന രീതിയിൽ ശ്രീ. ശിവഗുരുവിന്റെ അഭിപ്രായം ആരാഞ്ഞിരുന്നുവെന്നും എന്നാൽ നിശ്ചിത ദിവസത്തിനകം ശ്രീ. ശിവഗുരു മറുപടി നൽകാതിരുന്നതിനാൽ ടിയാന്റെ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് 25.9.2021-ൽ രജിസ്റ്റേർഡ് തപാലായി ഹർജിക്കാരിക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ശ്രീ. ശിവഗുരു എന്നയാൾ 7-ാം തരം വരെ മാത്രമെ എതിർകക്ഷി സ്കൂളിൽ പഠിച്ചിരുന്നുള്ളൂവെന്നും ഹർജിക്കാരി ആവശ്യപ്പെട്ട ശ്രീ. ശിവഗുരുവിന്റെ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് 22.9.2021-ലെ കത്ത് പ്രകാരം ഹർജിക്കാരിയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതായും കാണുന്നു. ടി മറുപടി ഹർജിക്കാരിക്ക് ലഭിച്ചിട്ടുണ്ടെന്ന് ഹിയറിംഗ് വേളയിൽ അറിയിച്ചിട്ടുള്ളതിനാൽ ഈ പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk